**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 766** **24-08-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കിയതുവഴി എന്തൊക്കെ സഹായങ്ങളാണ് എളുപ്പമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായ പരിഷ്കരിച്ച് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ആധാര വിവരങ്ങൾ ഓൺലൈനായ നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br>2. ആധാര രജിസ്ട്രേഷൻ ഫീസ ഓൺലൈനായി ഒടുക്കുന്നതിന് ഇ- പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തി.<br>3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.<br>4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്ക് വരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.<br>5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.<br>6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായ സബ് രജിസ്ട്രാർ ഓഫീസിലേക്ക |

ഓൺലൈനായി അപേക്ഷ
സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായ് ഓഫീസിൽ ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ പേയ്മെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും, അപേക്ഷകർക്ക സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുകയുണ്ടായി.
8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും, ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തി.
10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനു വേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും, രജിസ്ട്രേഷൻ ഫീസ് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെ തന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.
11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
12. രജിസ്ട്രേഷൻ വകുപ്പിനു കീഴിലെ ഓഫീസുകളിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/യു.പി.ഐ സംവിധാനം ഉപയോഗിച്ച് ഫീസുകൾ അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.
13. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.
14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ

| | | | | |
|---|---|---|---|---|
| | | | | ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.<br><br>ഡോക്യുമെന്റ് ഡിജിറ്റൈസേഷൻ പദ്ധതി നടപ്പിലാക്കുന്നത് വഴി വകുപ്പിലെ കാലപ്പഴക്കം ചെന്നതും പൊടിഞ്ഞ് തുടങ്ങിയതുമായ ആധാരങ്ങൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓഫീസ് സന്ദർശിക്കാതെ തന്നെ ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ